**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1017** **02-02-2026 - ൽ മറുപടിയ്ക്ക്**

**പുനലൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ വനാവരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി നടപ്പിലാക്കിയ, വന്യജീവി-മനുഷ്യ സംഘർഷം ലഘൂകരിക്കുന്നതിനുള്ള വനാവരണം പദ്ധതിയുടെ നിശ്ചിത ലക്ഷ്യങ്ങളും ഇതുവരെ കൈവരിച്ച പുരോഗതിയും അറിയിക്കാമോ; | (എ) | വനാവരണം എന്ന പേരിൽ ഒരു പദ്ധതി കേരള വനം വകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ പുനലൂർ നിയോജക മണ്ഡലത്തിൽ വനം ഉൾപ്പെടുന്ന പുനലൂർ, അച്ചൻകോവിൽ, തെന്മല ഡിവിഷനുകളിൽ ജൈവ വൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിനായി 17/12/2021 തീയതിയിലെ സ.ഉ. (കൈ) നം. 29/2021/വനം ഉത്തരവ് പ്രകാരം പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ മാഞ്ചിയം തുടങ്ങിയ വിദേശയിനം ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് തദ്ദേശീയ ഇനത്തിൽപ്പെട്ട വട്ട, ഈട്ടി, മരുതി, പാല, ആഞ്ഞിലി, മലവേപ്പ് തുടങ്ങിയ മരങ്ങളും മറ്റ് ഫലവൃക്ഷങ്ങളും നട്ടു പിടിപ്പിക്കുകയും അതുവഴി വനങ്ങളുടെ സ്വാഭാവികത പുനഃസ്ഥാപിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ അംഗീകൃത വർക്കിംഗ് പ്ലാൻ ശുപാർശ ചെയ്തിട്ടുള്ള വിവിധ തേക്ക് തോട്ടങ്ങളിലും മറ്റ് വനപ്രദേശങ്ങളിലും ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി മുഖേന വിവിധയിനം തദ്ദേശീയ വൃക്ഷങ്ങൾ നട്ടുവളർത്തി സ്വാഭാവിക വനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിന് പുറമേ മഞ്ഞക്കൊന്ന അടക്കമുള്ള അധിനിവേശ സസ്യങ്ങളെ ഉന്മൂലനം ചെയ്യുന്ന നടപടികളും സ്വീകരിച്ചുവരുന്നു. വനത്തിനുള്ളിൽ ആവശ്യമായയിടങ്ങളിൽ കുളങ്ങൾ, ബ്രഷ്വുഡ് ചെക്ക് ഡാമുകൾ എന്നിവ നിർമ്മിച്ചും പരിപാലിച്ചും വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ഇത്തരത്തിൽ നബാർഡ് മുഖേന തെന്മല ഡിവിഷനിൽ 180.30 ഹെക്ടർ പ്രദേശത്തും പുനലൂർ ഡിവിഷനിൽ 188.10 ഹെക്ടർ പ്രദേശത്തും പരിസ്ഥിതി പുനഃസ്ഥാപനം നടത്തിയിട്ടുള്ളതാണ്. സംഘർഷ ലഘൂകരണത്തിനായി നടത്തിയ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിന്ന് അനുവദിച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്രയാണെന്ന് അറിയിക്കാമോ; ഏതെല്ലാം മേഖലകളിൽ എത്ര ദൂരം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | വനാവരണം എന്ന പേരിൽ ഒരു പദ്ധതി കേരള വനം വകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ പുനലൂർ നിയോജക മണ്ഡലത്തിൽ വനം ഉൾപ്പെടുന്ന പുനലൂർ, അച്ചൻകോവിൽ, തെന്മല ഡിവിഷനുകളിൽ ജൈവ വൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിനായി 17/12/2021 തീയതിയിലെ സ.ഉ. (കൈ) നം. 29/2021/വനം ഉത്തരവ് പ്രകാരം പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ മാഞ്ചിയം തുടങ്ങിയ വിദേശയിനം ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് തദ്ദേശീയ ഇനത്തിൽപ്പെട്ട വട്ട, ഈട്ടി, മരുതി, പാല, ആഞ്ഞിലി, മലവേപ്പ് തുടങ്ങിയ മരങ്ങളും മറ്റ് ഫലവൃക്ഷങ്ങളും നട്ടു പിടിപ്പിക്കുകയും അതുവഴി വനങ്ങളുടെ സ്വാഭാവികത പുനഃസ്ഥാപിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ അംഗീകൃത വർക്കിംഗ് പ്ലാൻ ശുപാർശ ചെയ്തിട്ടുള്ള വിവിധ തേക്ക് തോട്ടങ്ങളിലും മറ്റ് വനപ്രദേശങ്ങളിലും ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി മുഖേന വിവിധയിനം തദ്ദേശീയ വൃക്ഷങ്ങൾ നട്ടുവളർത്തി സ്വാഭാവിക വനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിന് പുറമേ മഞ്ഞക്കൊന്ന അടക്കമുള്ള അധിനിവേശ സസ്യങ്ങളെ ഉന്മൂലനം ചെയ്യുന്ന നടപടികളും സ്വീകരിച്ചുവരുന്നു. വനത്തിനുള്ളിൽ ആവശ്യമായയിടങ്ങളിൽ കുളങ്ങൾ, ബ്രഷ്‌വുഡ് ചെക്ക് ഡാമുകൾ എന്നിവ നിർമ്മിച്ചും പരിപാലിച്ചും വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ഇത്തരത്തിൽ നബാർഡ് മുഖേന തെന്മല ഡിവിഷനിൽ 180.30 ഹെക്ടർ പ്രദേശത്തും പുനലൂർ ഡിവിഷനിൽ 188.10 ഹെക്ടർ പ്രദേശത്തും പരിസ്ഥിതി പുനഃസ്ഥാപനം നടത്തിയിട്ടുള്ളതാണ്. സംഘർഷ ലഘൂകരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) | പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിൽ നേരിടുന്ന പ്രധാന തടസ്സങ്ങളും അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ; | (സി) | മേൽ വിവരിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിൽ തടസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | വരാനിരിക്കുന്ന വർഷങ്ങളിൽ മണ്ഡലത്തിൽ കൂടുതൽ മേഖലകളിൽ വനാവരണം പദ്ധതി വ്യാപിപ്പിയ്ക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന പുതിയ പദ്ധതികൾ വിശദമാക്കാമോ? | (ഡി) | മേൽ പദ്ധതികൾക്ക് ഉപരിയായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ

| ക്രമ നം | ഡിവിഷൻ | പ്രവൃത്തിയുടെ പേര് | ഭൗതിക ലക്ഷ്യം | ഭൗതിക നേട്ടം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | തൽസ്ഥിതി |
|---|---|---|---|---|---|---|---|
| 1 | പുനലൂർ | RKVY Project – ഹാംഗിഗ് സോളാർ ഫെൻസിംഗ്, | 3 കി.മീ. | 3 കി.മീ. | 7.54 | 7.54 | പൂർത്തീകരിച്ചു |
| | | ആനക്കിടങ്ങ് നിർമ്മാണം | 4 കി.മീ. | 4 കി.മീ. | 39.01 | 37.28 | പൂർത്തീകരിച്ചു |
| 2 | തെന്മല | Three tier Panchayat Sysytem – സോളാർ ഫെൻസിംഗ്, | 12.5 കി.മീ. | 12.5 കി.മീ. | 94.15 | 94.15 | പൂർത്തീകരിച്ചു |
| | | RKVY Project – ഹാംഗിഗ് സോളാർ ഫെൻസിംഗ്, | 12 കി.മീ. | 9 കി.മീ. | 29.20 | 21.9 | 9 കി.മീ. പൂർത്തീകരിച്ചു. 3 കി.മീ. ഫെൻസിംഗ് ജോലി അക്രഡിറ്റഡ് ഏജൻസിയെ ഏല്പിച്ചെങ്കിലും പണി പൂർത്തീകരിച്ചിട്ടില്ല. |
| | | ആനക്കിടങ്ങ് നിർമ്മാണം | 4.35 കി.മീ. | 2.85 കി.മീ. | 45.03 | 29.33 | 2.85 കി.മീ. പൂർത്തീകരിച്ചു 1.5 കി.മീ. ആനക്കിടങ്ങ് പ്രായോഗികമല്ല പകരം സോളാർ വേലി പരിഗണിക്കുന്നു. |